**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലാ സഹകരണ ബാങ്ക് നടപ്പിലാക്കുന്ന ജവഹർ ഭവനപദ്ധതി - വായ്പാതുകയുടെ പ്രതിവർഷ തിരിച്ചടവ് പരിധി - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ (സാധാ)നമ്പർ.2153/15/തസ്വഭവ തിരുവനന്തപുരം, തീയതി: 15-7-2015

==========================================================================

പരാമർശം : 1) സ.ഉ (സാധ)നം.1577/15/തസ്വഭവ തീയതി 27-5-15.

2) കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ഇടുക്കി ജില്ലാ കമ്മിറ്റി പ്രസിഡന്റിന്റെ 9-6-15, 17-6-15 എന്നീ തീയതികളിലെ കത്തുകൾ.

3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 01-07-15 ലെ 3.20 നമ്പർ തീരുമാനം.

## <u>ഉത്തരവ്</u>

ഇടുക്കി ജില്ലയിലെ ജനറൽ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്കായി ജവഹർ ഭവനപദ്ധതി എന്ന പേരിൽ ഒരു വായ്പാധിഷ്ഠിത പദ്ധതിയ്ക്ക് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ, ഇ.എം.എസ് ഭവനപദ്ധതി പ്രകാരമോ തദ്ദേശ സ്വയംഭരണ സ്ഥാപനം നടപ്പിലാക്കിയ മറ്റേതെങ്കിലും ഭവനപദ്ധതി പ്രകാരമോ എടുത്ത വായ്പാതുകയുടേയും ജവഹർ ഭവനപദ്ധതി പ്രകാരം എടുത്ത വായ്പാതുകയുടേയും പ്രതിവർഷ തിരിച്ചടവ് പ്രതിവർഷം ലഭിക്കുന്ന വികസനഫണ്ടിന്റെ 15% ൽ കവിയാൻ പാടില്ലായെന്ന് വ്യവസ്ഥചെയ്തിരുന്നു. എന്നാൽ ഈ വിഷയം പുനഃപരിശോധിച്ച് പ്രതിവർഷ തിരിച്ചടവ് പരിധി 30% ആക്കണമെന്ന് കാണിച്ച് പരാമർശം (2) പ്രകാരം സർക്കാരിൽ നിവേദനങ്ങൾ ലഭ്യമായിരുന്നു. സർക്കാർ ഇക്കാര്യം പരാമർശം (3) പ്രകാരം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം(1) ഉത്തരവിൽ ചുവടെ ചേർക്കും പ്രകാരമുള്ള ഭേദഗതി വരുത്തി ഉത്തരവാകുന്നു.

ജവഹർ ഭവനപദ്ധതിയ്ക്ക് വായ്പയെടുക്കുന്നതിന്റെ തിരിച്ചടവ് 30% ആയി വർദ്ധിപ്പിയ്ക്കണമെന്ന ആവശ്യത്തിന്മേൽ, നിലവിലെ വ്യവസ്ഥ പ്രകാരം 15% പദ്ധതി വിഹിതത്തിൽ നിന്നും അധികമായി വരുന്ന തുക തനത് ഫണ്ടിൽ നിന്നും ഉപയോഗിയ്ക്കാവുന്നതാണ്.

പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**കെ.എസ്. ശോഭന,**
ജോയിന്റ് സെക്രട്ടറി

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
മുഖ്യ നഗരാസൂത്രകൻ
ഡയറക്ടർ , കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ
ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ യൂണിറ്റ്.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും ജില്ലാ കളക്ടർമാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ / ജനറൽമാർക്കും
എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സേറ്റ്റ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ

സെക്രട്ടറി, സഹകരണ വകുപ്പ്
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
പ്രസിഡന്റ്, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
പ്രസിഡന്റ്, ഇടുക്കി ജില്ലാ പഞ്ചായത്ത്
ജനറൽ മാനേജർ/പ്രസിഡന്റ്, ഇടുക്കി ജില്ലാ സഹകരണ ബാങ്ക്
സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എ &ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
മെമ്പർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ